**C 33270** (Pages : 3) Name..................................

Reg. No..................................

**FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2017**

(CUCBCSS–UG)

Common Course—Malayalam

MAL 1A 01—**മലയാള സാഹിത്യം**—I

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 കെ.ആർ. മീരയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

2 ഏത് വൃത്തമാണ് തുള്ളൽ വൃത്തം എന്നറിയപ്പെടുന്നത് ?

3 മാപ്പിളപ്പാട്ടുകളിലെ ഈണത്തിന്റെ താളക്രമം ഏതു പേരിൽ അറിയപ്പെടുന്നു ?

4 ഏതു രാജാവിന്റെ ആജ്ഞ പ്രകാരമാണ് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത് ?

5 ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നതാര് ?

6 കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?

7 ആരോമൽ ചേകവരുടെ സഹോദരിയായ വീരനായിക ആര് ?

8 സ്യമന്തകരത്നം സത്രാജിത്തിന് സമ്മാനിച്ചതാര് ?

9 എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനെപ്പോലെ നീറി പുകയേണ്ടി വരുന്ന ശിവപ്രസാദാണ് ഈ കഥയിലെ നായകൻ. കഥ ഏത് ?

10 മേൽപ്പത്തൂരിന്റെ സമകാലികനെന്നു കരുതപ്പെടുന്ന ഭക്തകവി ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "നേരം പോയനേരത്തും
കൊല്ലാക്കൊല കൊല്ലണയോ"

—ഈ പരിദേവനം ആരുടേത് ? കാരണമെന്ത് ?

12 "കൃഷ്ണനവറ്റിൽ തൃഷ്ണയുമുണ്ടായ്
സത്രാജിത്ത് കൊടുത്തതുമില്ല"

—കൃഷ്ണന് ആഗ്രഹം തോന്നിയത് എന്തിനോട് ?

**Turn over**

13 “കടഞ്ഞെടുത്തതായിരിക്കും പാലാഴി കടഞ്ഞെടുത്ത ലക്ഷ്മിയെപ്പോലെയിരിക്കുന്നു” എന്തിനെ കുറിച്ചാണീ പരാമർശം ? ആരാണിങ്ങനെ പറയുന്നത് ?

14 “വറ്റാതൊരൻപു കൊണ്ടാരണന്നെന്നെനീ
മുറ്റമടിക്കുമാറാക്കൊല്ലാതെ”

—രുഗ്മിണി ഇങ്ങനെ പറയാൻ കാരണമെന്ത് ?

15 “അങ്ങനെ തന്നെ വരേണമെന്നുള്ളതുണ്ടിങ്ങെനിക്കു മനക്കാമ്പിൽ സുബലജേ”—കൃഷ്ണന്റെ ഈ വാക്കുകളുടെ പൊരുളെന്ത് ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 വളർത്തു നായയുടെ ആത്മാർത്ഥസ്നേഹം ‘വെള്ളപ്പൊക്കത്തിൽ’ എന്ന കഥയിൽ ആഖ്യാനം ചെയ്യുന്നതെങ്ങനെ ?

17 “പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടു കിടക്കുമാറായിതോ ചോരയിൽ”

—ആശയം വ്യക്തമാക്കുക.

18 കാലമെത്ര പുരോഗമിച്ചാലും സ്ത്രീയുടെ അവസ്ഥയ്ക്ക് മാറ്റമില്ല എന്ന് ഓർമ്മയുടെ ഞരമ്പ് എന്ന കഥ ഓർമ്മിപ്പിക്കുന്നു. ശരിയോ ? സമർത്ഥിക്കുക.

19 കുചേലന്റെയും കൃഷ്ണന്റെയും കൂടിക്കാഴ്ച വിവരിക്കുക.

20 “ലോകത്തോടന്ത്യയാത്ര പറയുംപോലെ മുറുമുറുത്തുകൊണ്ട് അത് പുരപ്പുറത്തു കയറി ഇനിയൊരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അത് പറയുകയാവാം”—ആരെക്കുറിച്ചാണീ പരാമർശം ? സന്ദർഭം വിവരിക്കുക.

21 “വൃദ്ധനായ് നിന്നുള്ളൊരധ്വഗനായങ്ങു
നിർധനനായുള്ളൊരെന്നെയിപ്പോൾ
ചാരത്തു വന്നിവർ വന്ദിച്ചു നിന്നതിൻ
കാരണമെന്തെന്നു കണ്ടതില്ലേ”

—പൊരുളെന്ത് ?

22 ഹുസ്നുൽ ജമാൽ എന്ന രാജകുമാരിയെ കവി വർണ്ണിക്കുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

23 ഗാന്ധാരിയുടെ കുരുക്ഷേത്ര സന്ദർശനത്തെ സ്വന്തം വാക്കുകളിൽ വിവരിക്കുക.

24 വടക്കൻപാട്ടുകളിലെ വീരകഥാഖ്യാനത്തിന് ഉത്തമനിദർശനമാണ് ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാട്—ചർച്ച ചെയ്യുക.

25 മനുഷ്യന്റെ സ്വാർത്ഥ മോഹങ്ങളെയും ജീവിതാസക്തിയെയും തത്വചിന്താ ശകലങ്ങളിലൂടെ വിമർശിക്കുകയാണ് ജ്ഞാനപ്പാനയിൽ—പരിശോധിക്കുക.

26 കാരൂരിന്റെ ആഖ്യാന സവിശേഷതകൾ മരപ്പാവകൾ എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.

27 ക്ലാസിക്ക് കവികളുടെ സാങ്കേതിക പരിജ്ഞാനവും, റൊമാന്റിക് കവികളുടെ നിരങ്കുശത്വവും ഒന്നിച്ച് ചെറുശ്ശേരിയുടെ കാവ്യഘടനയിലും ഭാഷാശൈലിയിലും കാണുന്നു—വിശദീകരിക്കുക.

28 പ്രകടിപ്പിക്കാത്തതും വേണ്ടപ്പോൾ ലഭിക്കാത്തതുമായ സ്നേഹംപോലെ നിഷ്പ്രയോജനകരമായും വിനാശകരമായും മറ്റൊന്നുമില്ല എന്ന് 'ദയ എന്ന വികാരം' ഓർമ്മിപ്പിക്കുന്നു—വ്യക്തമാക്കുക.

($4 \times 10 = 40$ marks)